**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4326** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുതുതായി ആരംഭിച്ച ചെറുകിട-വൻകിട വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2017 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിൽ പുതുതായി ആരംഭിച്ച ചെറുകിട, വൻകിട വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ പൂട്ടിപ്പോയ ചെറുകിട, വൻകിട വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റാ കളക്ഷൻ നടത്തുകയും ചെയ്യുന്നുണ്ട്. തുടങ്ങി ആദ്യ വർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ ദേശീയ ശരാശരിയായ 30%-ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണ് എന്ന് ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തന നില, നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ, അടച്ചുപൂട്ടാനുള്ള കാരണങ്ങൾ, പ്രവർത്തനരഹിതമായ യൂണിറ്റുകൾക്കുള്ള പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ, ആവശ്യമായ സഹായം/മറ്റ് പ്രത്യേക ആവശ്യങ്ങൾ എന്നീ വിവരങ്ങൾ സർവേ വഴി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംരംഭകർക്ക് വേണ്ടി പ്രത്യേക കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, എം.എസ്.എം.ഇ ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ മുതലായവ സംഘടിപ്പിച്ചു വരുന്നു. ധനകാര്യം, വിപണനം, സാങ്കേതികവിദ്യ, ലൈസൻസിംഗ്, വ്യവസായ സാധ്യതകൾ, ക്ലസ്റ്റർ വികസനത്തിനുള്ള സാധ്യതകൾ, പുതിയതും നൂതനവുമായ ബിസിനസ് ആശയങ്ങൾ മുതലായവയെക്കുറിച്ചുള്ള ക്ലാസുകൾ ഉൾപ്പെടുന്ന ജനറൽ ഓറിയന്റേഷൻ പരിശീലനങ്ങളുടെ റിഫ്രഷർ സെഷനുകളും നടത്തുന്നുണ്ട്. 2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ |

| | | | |
|---|---|---|---|
| | | | മൈക്രോ, സ്മാൾ, മീഡിയം, സംരംഭങ്ങളുടെ എണ്ണം ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ ആകെ 1483978 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2017 മുതൽ 2024 വരെയുള്ള കാലയളവിൽ കേരളത്തിൽ പുതുതായി ആരംഭിച്ച ചെറുകിട-ഇടത്തരം വൻകിട വ്യവസായങ്ങളുടെ കണക്ക്**

| ക്രമ നം. | ജില്ല | ചെറുകിട വ്യവസായങ്ങളുടെ എണ്ണം | ഇടത്തരം - വൻകിട വ്യവസായങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം | 17232 | 22 |
| 2. | കൊല്ലം | 32310 | 14 |
| 3. | പത്തനംതിട്ട | 12117 | 0 |
| 4. | ആലപ്പുഴ | 19914 | 16 |
| 5. | കോട്ടയം | 16009 | 4 |
| 6. | ഇടുക്കി | 12715 | 4 |
| 7. | എറണാകുളം | 40814 | 22 |
| 8. | തൃശ്ശൂർ | 34065 | 6 |
| 9. | പാലക്കാട് | 24423 | 22 |
| 10. | മലപ്പുറം | 39032 | 3 |
| 11. | കോഴിക്കോട് | 32290 | 13 |
| 12. | വയനാട് | 7748 | 2 |
| 13. | കണ്ണൂർ | 18829 | 15 |
| 14. | കാസർഗോഡ് | 12796 | 2 |

**2017 മുതൽ 2024 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പിലെ പൊതുമേഖലാസ്ഥാപനമായ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ പുതുതായി ആരംഭിച്ച ചെറുകിട – ഇടത്തരം - വൻകിട വ്യവസായ യൂണിറ്റുകളുടെ കണക്ക്**

| ക്രമ നം. | ജില്ല | വ്യവസായങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 89 |
| 2. | കൊല്ലം | 99 |
| 3. | പത്തനംതിട്ട | 21 |
| 4. | ആലപ്പുഴ | 0 |

| | | |
|---|---|---|
| 5. | കോട്ടയം | 0 |
| 6. | ഇടുക്കി | 16 |
| 7. | എറണാകുളം | 88 |
| 8. | തൃശ്ശൂർ | 19 |
| 9. | പാലക്കാട് | 146 |
| 10. | മലപ്പുറം | 59 |
| 11. | കോഴിക്കോട് | 16 |
| 12. | വയനാട് | 15 |
| 13. | കണ്ണൂർ | 226 |
| 14. | കാസർഗോഡ് | 46 |

സെക്ഷൻ ഓഫീസർ